# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1185 — 01-07-2015 -ൽ മറുപടിക്ക്

## ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.കെ.ബഷീർ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | ബി) | പദ്ധതി നിർവഹണത്തിനായി 26.12.2013-ലെ സ.ഉ(സാധാ)നം. 6773/ 2013/ഡി.എം.ഡി. പ്രകാരം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ പ്രൊജക്ട് സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിക്കുക യുണ്ടായി. സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്, (മെമ്പർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി), ലാന്റ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ-കൊല്ലം, ഹെഡ് സയന്റിസ്റ്റ് (സംസ്ഥാന അടിയന്തിര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രം), സെക്രട്ടറി ധനകാര്യ (എക്സ്പെന്റിച്ചർ) വകുപ്പ് എന്നിവർ അടങ്ങുന്നതാണ് ഈ കമ്മിറ്റി. 05.08.2014-ലെ സ.ഉ.(സാധാ) നം. 331/2014/ഡി.എം.ഡി. പ്രകാരം പദ്ധതി നിർവഹണത്തിനായി കേരള സർക്കാർ അനുമതി നൽകിയതിനെ തുടർന്ന്, കേരളത്തിന്റെ 9 തീരദേശ ജില്ലകളിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ്(SPIU) രൂപീകരിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളുടെ വിവരങ്ങൾ ജില്ലകളിൽ നിന്ന് ശേഖരിക്കുകയും, ആ സ്ഥലങ്ങളിൽ പരിസ്ഥിതി-സാമൂഹിക പഠനവും നടത്തുന്നുണ്ട്. പദ്ധതിക്കുവേണ്ടി ഒരു മോഡൽ ഡീറ്റയിൽഡ് പ്രൊജക്ട് റിപ്പോർട്ട് ലോക ബാങ്കിനു സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ട ധന സഹായത്തിന് ലോകബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. |
| സി) | പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | സി) | ലോകബാങ്കിന്റെ വായ്പാ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് ലഘൂകരണ പദ്ധതി. പദ്ധതിയിൽ നാല് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>a) Early Warning Dissemination<br>b)Cyclone Risk Mitigation Infrastructure<br>c)Technical Assistance for Multi-hazard Risk Management<br>d) Project Implementation Unit<br>രണ്ടാം ഘടക പദ്ധതിക്ക് 22.3 ദശലക്ഷം ഡോളറാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇതിന്റെ 75% വായ്പയും 25% സംസ്ഥാന വിഹിതവുമാണ്. സംസ്ഥാനത്തെ തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയുടെ തീരപ്രദേശങ്ങളോടു ചേർന്നുള്ള സ്ഥലങ്ങളിൽ വിവിധോദ്ദേശ്യ അഭയ കേന്ദ്രങ്ങൾ, റോഡുകൾ മുതലായവ നിർമിക്കുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ജില്ലാ നിർമിതി കേന്ദ്രങ്ങൾ മുഖേനയായിരിക്കും നിർമാണം നടപ്പിലാക്കുക. |
| ഡി) | പദ്ധതിയുടെ സംസ്ഥാന ഘടകത്തിന് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ? | | ഉണ്ട്. 2015-2016 ബജറ്റിൽ 28.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ